# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3075 — 18-10-2016-ൽ മറുപടിക്ക്

## ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ.ബഷീർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |

(എ) ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എ) തീരുമാനിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ പദ്ധതി രണ്ട് ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഇതിൽ ഒന്നാംഘട്ടം പൂർത്തിയായി.

രണ്ടാം ഘട്ടത്തിൽ പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കി. മീറ്ററാണ്. ഇതിന്റെ പ്രാരംഭ സർവ്വേ നടപടികളും, P&MP (Petroleum & Mineral Pipelines) Act സെക്ഷൻ 6(1) ഗസറ്റ് വിജ്ഞാപനവും പൂർത്തിയായിട്ടുണ്ട്. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു. നഷ്ടപരിഹാരം നൽകുവാനുള്ള അളവെടുപ്പും, മഹസറും കേരളത്തിലൊട്ടുക്കും 503 കി.മീറ്ററിൽ 396 കി.മി. (79%) പൂർത്തിയാക്കിക്കഴിഞ്ഞു. എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പണി പുനരാരംഭിച്ചു കഴിഞ്ഞു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർ ടെൻഡർ (ഗ്ലോബൽ NIT) ക്ഷണിച്ചിട്ടുണ്ട്. പദ്ധതികൾക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്.

കേരളത്തിലൊട്ടാകെ അഞ്ച് IP സ്റ്റേഷനുകൾക്കും 26 SV സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ 18 സ്റ്റേഷനുകൾക്കുള്ള നടപടി പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ ജോലികൾ പുരോഗമിക്കുന്നു.

പദ്ധതിയുടെ ആകെ നിർമ്മാണച്ചെലവ് 3263 കോടി രൂപയാണ്. ഇതിൽ ഏകദേശം 2400

കോടി രൂപയോളം പൈപ്പും മറ്റ് സാമഗ്രികളും സമാഹരിക്കുന്നതിനായി ചെലവിട്ടു കഴിഞ്ഞു. ഒന്നര വർഷത്തിനകം പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കാനാണ് ഗെയിൽ ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് കടന്നു പോകുന്നത് ; പദ്ധതി നടപ്പാക്കുന്നതുമൂലം പ്രദേശത്തെ ജനങ്ങളിലെ ആശങ്ക ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴു ജില്ലകളിലൂടെയാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. ജനങ്ങളുടെ ആശങ്കകളും തെറ്റിദ്ധാരണകളും ദുരീകരിക്കുന്നതിനായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾ തോറും ബോധവൽക്കരണം നടത്തി വരുന്നുണ്ട്. കൂടാതെ ദൃശ്യ മാധ്യമങ്ങളിലൂടെയും, പത്രപരസ്യങ്ങളിലൂടെയും, ലഘുലേഖകൾ മുഖേനയും, എഫ്.എം റേഡിയോ വഴിയും, ഗ്യാസ് പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചും പദ്ധതി നടപ്പിൽ വരുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതി ഏകപക്ഷീയമായി നടപ്പാക്കാതെ, ജനങ്ങളുടെ ഇടയിലെ ആശങ്ക ദൂരികരിച്ച്, തടസ്സം നീക്കാൻ ചർച്ച നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

(സി) പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള ജനങ്ങളുമായി പല വേദികളിൽ വെച്ച് സംവദിക്കുകയും ആശങ്കകൾ ദുരീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ജനസാന്ദ്രത കൂടിയ മേഖലകളിൽ വിന്യസിക്കുന്ന പൈപ്പുകൾക്ക് ജനസാന്ദ്രതാ ക്ലാസിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പു വരുത്തി ശാസ്ത്രീയമായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. വീടുകളെയും മറ്റു കെട്ടിടങ്ങളേയും ഒഴിവാക്കികൊണ്ടാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. ഈ പദ്ധതിക്കു വേണ്ടി പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഒരു വീടും പൊളിച്ചു മാറ്റേണ്ട ആവശ്യമില്ല. പദ്ധതിയുടെ സുരക്ഷയെ സംബന്ധിച്ച് യാതൊരു രീതിയിലുള്ള ആശങ്കയുടേയും ആവശ്യമില്ല. ഇതു സംബന്ധിച്ചുള്ള ശാസ്ത്രീയ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ബോധവൽക്കരണം ഇതിനോടകം നടത്തിക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ